സംസ്ഥാന ശാസ്ത്രസാങ്കേതിക ശാസ്ത്ര പരിസ്ഥിതി കൗൺസിലിന്റെ പുതിയ പദ്ധതികൾ

22 (*472) ശ്രീ. കെ. ബാബു :
ശ്രീ. എം. മുരളി:
ശ്രീ. എ. പി. അനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന ശാസ്ത്ര സാങ്കേതിക ശാസ്ത്ര പരിസ്ഥിതി കൗൺസിൽ ഈ വർഷം ശാസ്ത്ര ഗവേഷണത്തിനായി എന്തൊക്കെ പുതിയ പദ്ധതികൾ ആരംഭിക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നത് ;

(ബി) ഇതു സംബന്ധിച്ച് കേന്ദ്ര ഗവൺമെന്റിന് എന്തെങ്കിലും പ്രോജക്ട് റിപ്പോർട്ടുകൾ നൽകിയിട്ടുണ്ടോ ;

(സി) ഇത്തരത്തിൽ ആരംഭിക്കുന്ന ഏതൊക്കെ പദ്ധതികൾക്ക് കേന്ദ്ര സഹായം ആവശ്യപ്പെട്ടിട്ടുണ്ട് ;

(ഡി) കൗൺസിൽ ഗവേഷണത്തിലും വികസന പദ്ധതി നടത്തിപ്പിനുമായി സംസ്ഥാനത്തെ സർവ്വകലാശാലകളുമായി സഹകരിച്ച് എന്തൊക്കെ പദ്ധതികൾ നടപ്പിലാക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നത് ?

മുഖ്യമന്ത്രി (വി. എസ്. അച്ചുതാനന്ദൻ) :

(എ) കേരള ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിലിലും അതിന്റെ കീഴിലുള്ള ഗവേഷണ സ്ഥാപനങ്ങളിലുമായി ഈ വർഷം 42 പുതിയ പദ്ധതികൾ ആരംഭിക്കുന്നതിന് ലക്ഷ്യമിട്ടിരിക്കുകയാണ്. പദ്ധതികളുടെ വിശദാംശം അനുബന്ധം -1 ആയി ചേർത്തിരിക്കുന്നു. *

(ബി) ഉണ്ട്.

(സി) പുതുതായി ആരംഭിക്കുന്ന പല പദ്ധതികൾക്കും കേന്ദ്ര സഹായം ആവശ്യപ്പെട്ടിട്ടുണ്ട്. പദ്ധതികളുടെ പട്ടിക അനുബന്ധം-2ആയി ചേർത്തിരിക്കുന്നു.*

(ഡി) ഗവേഷണത്തിനും വികസന പദ്ധതി നടത്തിപ്പിനുമായി സംസ്ഥാനത്തെ സർവ്വകലാശാലകളുമായി സഹകരിച്ച് നടപ്പിലാക്കാൻ ലക്ഷ്യമിട്ടിരിക്കുന്ന പദ്ധതിയുടെ വിവരം അനുബന്ധം-3 ആയി ചേർത്തിരിക്കുന്നു. *

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly